**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

**<u>പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന</u>**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1542 — 11-08-2017-ൽ മറുപടിക്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. കെ.സി. ജോസഫ്** | | **ഡോ. കെ.ടി. ജലീൽ** (തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) |
| (എ) | പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജനയിൽ 2016 മാർച്ച് 31 വരെ അനുമതി ലഭിച്ച എത്ര കിലോമീറ്റർ റോഡിന്റെ പ്രവൃത്തി പൂർത്തിയാക്കാനുണ്ടെന്ന് വെളിപ്പെടുത്താമോ; | (എ) | 322.499 കി.മീ ദൈർഘ്യം വരുന്ന 95 റോഡുകൾ പൂർത്തിയാക്കാനുണ്ട്. 15.588 കി.മീ ദൈർഘ്യംവരുന്ന 4 റോഡുകൾ വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ ഉപേക്ഷിക്കേണ്ടതായിട്ടുണ്ട്. |
| (ബി) | ഇവയിൽ എത്ര റോഡുകൾ ടെൻഡർ ചെയ്യുവെന്നും എത്ര റോഡുകളുടെ വർക്ക് അവാർഡ് ചെയ്യുവെന്നും വെളിപ്പെടുത്താമോ; | (ബി) | ഭരണാനുമതി ലഭിച്ച മുഴുവൻ റോഡുകളും ടെണ്ടർ ചെയ്യുകയും അവാർഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (സി) | 2016 ഏപ്രിൽ ഒന്നിന് ശേഷം പി.എം.ജി.എസ്.വൈ-ൽ കേരളത്തിന് എത്ര കിലോമീറ്റർ റോഡിന് അനുമതി ലഭിച്ചിട്ടുണ്ടെന്നും ഇവയിൽ എത്ര കിലോമീറ്റർ ടെൻഡർ ചെയ്യുവെന്നും വെളിപ്പെടുത്താമോ? | (സി) | 319.948 കി.മീ ദൈർഘ്യവും 274.20 കോടി രൂപ അടങ്കൽ തുകയും വരുന്ന 84 റോഡുകൾ ടെണ്ടർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ